(ഡി) ഇല്ലെങ്കിൽ ഇതിനായി പ്രത്യേകം പദ്ധതി തയ്യാറാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഇല്ല.

(ബി) വകുപ്പിന് അധിക സാമ്പത്തിക ബാധ്യത വരുന്ന ഈ പദ്ധതി യെക്കുറിച്ച് ഇതുവരെയും പരിഗണിച്ചിട്ടില്ല.

(സി)&(ഡി) നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം ചെയ്യിക്കുന്നതിനായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ 10000/- രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ള സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 2500/- രൂപ സാമ്പത്തികസഹായം നൽകുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരു ന്നുണ്ട്.

## വിദേശ മലയാളികളുടെ നിക്ഷേപം വ്യവസായ വികസനത്തിന് ഉപയോഗപ്പെടുത്താൻ നടപടി

12 (*387)ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികളുടെ നിക്ഷേപം സംസ്ഥാനത്തിലെ വ്യവ സായ വികസനത്തിന് ഉപയോഗപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കു ന്നുണ്ടോ;

(ബി) അതിനുവേണ്ടി ഗവൺമെന്റിന് എന്തെല്ലാം പരിപാടികൾ ഉണ്ട്;

(സി) ഈ പരിപാടികൾ വിദേശ മലയാളികളുടെ ശ്രദ്ധയിൽപ്പെടു ത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആരെല്ലാം സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കു വാൻ തയ്യാറായി വന്നിട്ടുണ്ട്?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ)&(ബി) ഉണ്ട്. കിൻഫ്ര, ടെക്നോപാർക്ക്, വ്യവസായ വികസന കോർപ്പറേഷൻ എന്നിവ വ്യവസായ നിക്ഷേപത്തിനു വേണ്ട എല്ലാ ഒത്താശ കളും ചെയ്തുകൊടുക്കുന്നു. വിദേശ മലയാളികളുടെ നിക്ഷേപം കൊണ്ടുവ രുന്നതിനുവേണ്ടിയുള്ള ശ്രമം ഈ സ്ഥാപനങ്ങൾ നടത്തുന്നു. ടെക്നോ പാർക്കിനെ എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ഒരു ഐ.റ്റി.പാർക്കായി വളർത്തിയെടുത്ത് വിദേശമലയാളികളെ സംസ്ഥാനത്ത് നിക്ഷേപം നടത്താൻ പ്രേരിപ്പിക്കുന്നു. ഭാരതത്തിനു വെളിയിൽ ഗൾഫ് തുട ങ്ങിയ രാജ്യങ്ങളിൽ 'ഇൻവെസ്റ്റ്മെന്റ് മീറ്റുകൾ' സംഘടിപ്പിക്കുകയും സി-ഡിറ്റ് തുടങ്ങിയ അന്താരാഷ്ട്ര ട്രേഡ്ഫെയറുകളിലും മറ്റും പങ്കെടുത്ത് അവിടെ യെല്ലാം മൂലധന നിക്ഷേപത്തിന് ഏറ്റവും അനുയോജ്യമായ ഒരു ഐ.റ്റി. പാർക്കായി ടെക്നോപാർക്കിനെ ഉയർത്തിക്കാട്ടുന്നു. വിദേശ മലയാളികളെ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ ബോദ്ധ്യമാക്കുന്നതിനുവേണ്ടി പത്രങ്ങളിലും മാസികകളിലും പരസ്യങ്ങൾ കൊടുക്കുകയും മലയാളി അസോസിയേഷനുകളുമായി ബന്ധപ്പെടുകയും ചെയ്യുന്നുണ്ട്. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ചില സ്ഥലങ്ങളിൽ കിൻഫ്രയുടെ പദ്ധതികളെപ്പറ്റിയുള്ള പ്രസന്റേഷനുകളും വിദേശ മലയാളികൾക്കു മാത്രമായി നടത്തിയിട്ടുണ്ട്.

(സി)&(ഡി) ഉണ്ട്. ഇറ്റലി ആസ്ഥാനമാക്കിയിട്ടുള്ള ശ്രീ. വിവേക് ജേക്കബും (കരാരെ മുതലായ) യു.എ.ഇ. ആസ്ഥാനമാക്കിയിട്ടുള്ള ശ്രീ. യൂസഫലിയും (എം.കെ.ഗ്രൂപ്പ്) കിൻഫ്രയുടെ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് ഇതിനകം വന്നിട്ടുണ്ട്.

ടെക്നോപാർക്കിൽ ഇതുവരെയായി 8 വിദേശ മലയാളികളുടെ കമ്പനികൾ വന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്.

(1) സാംസ്റ്റർ ഇൻഫർമേഷൻ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് (യു.എസ്)

(2) ഡാറ്റാ വെയർ ഡിസൈൻസ് ലാബ്സ് പ്രൈവറ്റ് ലിമിറ്റഡ് (യു.എസ്)

(3) ഗാസ്കോ സോഫ്റ്റ് വെയർ ആന്റ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് (ദുബായ്).

(4) ഇന്റർനാഷണൽ ബിസിനസ് സർവ്വീസസ് ഗ്രൂപ്പ് (ദുബായ്)

(5) നെറ്റ്വർക്ക് സിസ്റ്റംസ് ആന്റ് ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് (യു.എസ്)

(6) സൃഷ്ടി ഓപ്പൺ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് (ജർമ്മനി)

(7) ബ്രൈറ്റെക്സ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് (ജപ്പാൻ)

(8) ഇൻഡ് സോഫ്റ്റ് ഇൻഫോടെക് പ്രൈവറ്റ് ലിമിറ്റഡ്.

കെ.എസ്.ഐ.ഡി.സി.യുടെ സഹകരണത്തോടെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായമാരംഭിക്കുവാൻ വന്നിട്ടുള്ള വിദേശികളുടേയും പ്രവാസികളുടേയുമായ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

**ഗ്രാമപഞ്ചായത്തുകളിൽ കെട്ടിടനികുതി നിർണ്ണയിക്കുന്നതിന്റെ മാനദണ്ഡം**

**13 (*388)**ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :

ശ്രീ. എം.കെ. മുനീർ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നികുതി നിർണ്ണയിക്കുന്നതിന്റെ മാനദണ്ഡം പുനർ നിർണ്ണയിച്ചിട്ടുണ്ടോ;

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly